കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# പാലക്കാട്

e-mail: dopkd.ksad@kerala.gov.in

www.lfa.kerala.gov.in

# എലവഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി18/396/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: 04.04.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എലവഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എലവഞ്ചേരിഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി18/396/2018 തിയ്യതി: 04.04.2019

## പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25.6-2017 മുതൽ തിയതി 16-1-2019വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17-01-2019 മുതൽ<br>25-01-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.സുമേഷ്.എൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.നസീറാബാനു.എ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. രമാദേവി.കെ.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.രഞ്ജിത്ത്. ആർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സി.സുധാരവീന്ദ്രൻ | 1-4-2017 മുതൽ<br>31-3-2018വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.പി.രാജേന്ദ്രപ്രസാദ് | 1-4-2017 മുതൽ<br>18-1-2018 വരെ |
| | ശ്രീ.ഗുരുവായൂരപ്പൻ. എസ് | 19-1-2018 മുതൽ<br>31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. രേഷ്മ.ടി. എൻ | 1-4-2017 മുതൽ<br>12-4-2017 വരെ |
| | ശ്രീ. സിനീഷ് | 13-4-2017 മുതൽ<br>9-7-2017 വരെ |
| | ശ്രീ. റഫീക്ക് | 10-7-2017 മുതൽ<br>31-3-2018 വരെ |
| വി.ഇ.ഒ - 1 | ശ്രീ. സുജേഷ്. യു | 1-4-2017 മുതൽ<br>25-10-2017 വരെ |
| | ശ്രീമതി.ചന്ദ്രിക | 26-10-2017 മുതൽ<br>02-11-2017 വരെ |
| | ശ്രീ. സുജേഷ്. യു | 3-11-2017 മുതൽ<br>26-11-2017 വരെ |
| | ശ്രീമതി. രവികല.പി.വി | 27-11-2017 മുതൽ<br>31-3-2018 വരെ |
| വി.ഇ.ഒ - 2 | ശ്രീ.ഫാജിഷ് വഹാബ് | 1-4-2017മുതൽ<br>08-05-2017 വരെ |
| | ശ്രീ. സുജീഷ്. യു (i/c) | 9-05-2017 മുതൽ<br>31-5-2017 വരെ |
| | ശ്രീമതി.കവിത | 1-06-2017 മുതൽ<br>06-7-2017 വരെ |
| | ശ്രീ. ജോമോൻ.കെ.എൻ | 07-07-2017 മുതൽ<br>31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സുധാകുമാരി.എ.സി | 1-4-2017 മുതൽ<br>31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.തോമസ്.പി.ജോൺ | 1-4-2017 മുതൽ<br>28-5-2017 വരെ |
| | ശ്രീ.രാജീവ്.കെ.എസ് | 29-5-2017 മുതൽ<br>04-10-2017വരെ |
| | ശ്രീ. രമേഷ് | 5-10-2017 മുതൽ<br>22-10-2017 വരെ |
| | ശ്രീമതി.ഉമ.ടി.എൻ | 23-10-2017 മുതൽ<br>31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ. ശങ്കര സുബ്രമണ്യൻ | 1-4-2017 മുതൽ<br>31-3-2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.കെ. ബിന്ദു | 01-04-2017 മുതൽ 31-3-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.വി.പി.ഹേമകുമാർ | 01-04-2017 മുതൽ 29-06-2017 വരെ |
| | ശ്രീമതി. ബ്രിൻസി.മാണി | 30-06-2017 മുതൽ 04-08-2017 വരെ |
| | ശ്രീ.സുരേഷ്കുമാർ.എ | 05-08-2017 മുതൽ 31-3-2018 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. ബബിത.ബി.എസ് | 1-4-2017 മുതൽ 31-3-2018 വരെ |
| എച്ച്.എം | ശ്രീമതി.ജയലളിത.പി.വി | 1-4-2017 മുതൽ 31-3-2018 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-4 |
| 5 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |


ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കൽ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 2-1 |
| 2 | കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി പെർമിറ്റ് അനുവദിക്കേണ്ടതും ക്രമവൽകരണം നടത്തേണ്ടതുമാണ് | 2-2 |

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കൽ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 2-1 |
| 3 | അനധികൃത മൊബൈൽ ടവറിനെതിരെ നടപടി സ്വീകരിക്കേണ്ടതും മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതുമാണ് | 2-3 |
| 4 | സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ് | 2-4 |
| 5 | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി- ഭവനനിധി രൂപീകരിച്ചിട്ടില്ല | 2-5 |
| 6 | ഡി&ഒ ലൈസൻസ് നൽകൽ- 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ് | 2-6 |
| 7 | വാടക/ലേലം നടപടികളിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് | 2-7 |
| 8 | രശീതികളുടെ സൂക്ഷിപ്പിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് | 2-8 |
| 9 | ഇ-ടെണ്ടർ ഫോറങ്ങളുടെ വില പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-9 |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബിറ്റുമിൻ ബാരൽ വില ഈടാക്കിയിട്ടില്ല | 3-1 |
| 2 | സർവ്വീസ് ചാർജ് നൽകിയത് ക്രമീകരിച്ചിട്ടില്ല | 3-2 |
| 3 | സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 3-3 |
| 4 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-4 |
| 5 | ഭവന നിർമാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-5 |
| 6 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 3-6 |
| 7 | ഹോമിയോ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടിയെടുക്കേണ്ടതാണ്. | 3-7 |
| 8 | പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-8 |
| 9 | ആശ്രയ പദ്ധതി-വനിത-എസ്.സി.പി-പിൻവലിച്ച തുകയിൽ 200000/-രൂപ ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു. | 3-9 |

| | | |
|---|---|---|
| 10 | ഗ്രാപഞ്ചായത്തിലെ മാലിന്യ സംസ്കരണ സംവിധാനം - അവലോകനം | 3-10 |


ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

ഓഡിറ്റ് വർഷം ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2017-18 | 28-03-2017 തിയതിയിലെ 1ാം നമ്പർ തീരുമാനം | ഇല്ല |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-7-2018 | 22-05-2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 10.07.2018 മുതൽ 11.07.2018 വരെ | നം.കെ.എസ്.എ-പികെഡി.21/1904(39)/2018 തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2017-18 | 8868882 | 54512870 | 63381752 | 55721649 | 7660103 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | അലോട്ട്-മെന്റ്/വരവ് | ആകെ | ചെലവ് | സി.ബി (ലാപ്സായ തുക) |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 11444365 | 11444365 | 8993338 | 2451027 |
| വികസന ഫണ്ട് -എസ്.സി.പി (ACR പ്രകാരം) | 0 | 8646716 | 8646716 | 8519615 | 127101 |
| വികസന ഫണ്ട് -ടി.എസ്.പി (ACR പ്രകാരം) | 0 | 119951 | 119951 | 0 | 119951 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4464000 | 4464000 | 4373448 | 90552 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2591000 | 2591000 | 1881320 | 709680 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 6446145 | 6446145 | 6422983 | 23162 |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 709596 | 709596 | 709356 | 240 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) -സംസ്ഥാനം | | | | | | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)-കേന്ദ്രം | | 0 | 1310680 | 1310680 | 1308155 | 2525 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 11201200 | 11201200 | 11201200 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4195 | 1032707 | 1036902 | 1034432 | 2470 |
| ശുചിത്വ മിഷൻ (scb,rlavancheri) | | 383660 | 0 | 383660 | 0 | 383660 |
| ബി ഫണ്ട് - തൊഴിലില്ലായ്മ വേതനം | | 0 | 27000 | 27000 | 27000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി ടി.എസ്.ബി) * | | 2732502 | 6441155 | 9173657 | 7909874 | 1263783 |
| ട്രഷറി അക്കൗണ്ട് tsb joint venture ** | ബ്ലോക്ക് പഞ്ചായത്ത് | 0 | 4293861 | 4293861 | 3670884 | 622977 |
| | ജില്ലാ പഞ്ചായത്ത് | 0 | 2450000 | 2450000 | 2450000 | 0 |
| തനത് ഫണ്ട് | കനറാ ബാങ്ക് | 1989035 | 1421369 | 3410404 | 2236089 | 1174315 |
| | സ.കോ.ഓപ്പ.ബാങ്ക്, എലവഞ്ചേരി* | 880716 | 4921979 | 5802695 | 4426923 | 1375772 |
| | എസ്.ബി.ഐ (e-payment) | 7106 | 28523 | 35629 | 5500 | 30129 |
| | ഐ.സി.ഡി.എസ്. (central share) | 1935491 | 890355 | 2825846 | 921585 | 1904261 |
| ദുരിതാശ്വാസനിധി | | 13696 | 44280 | 57976 | 50480 | 7496 |

* വാർഷിക ധനകാര്യ പത്രികയിൽ SCB എലവഞ്ചേരി - a/c ൽ ICDS സെൻട്രൽ ഷെയർ കൂടി ഉൾപ്പെടുന്നു.

**ട്രഷറി അക്കൗണ്ട് tsb joint venture അക്കൗണ്ടിൽ നിന്നും 5606794/- രൂപ 29മാർച്ച് 2018 ൽ

സർക്കാർ പിൻവലിച്ചശേഷം 2018 ഏപ്രിൽ 09 ന് തിരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ഇതേ അക്കൗണ്ടിൽ 31-03 2018 ൽ ചെലവു വന്ന തുക 78000/- രൂപ 01-04-2018 നാണ് സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ( ആകയാൽ tsb joint venture അക്കൗണ്ടിൽ 31.3.2018ലെ നീക്കിയിരിപ്പ് 6151771 + 78000 – 5606794 = 622977)

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 197 | 67769939 | 127 | 33281382 | 70 | 64 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 64% മാത്രമാണ് തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 49% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 9020400 | 2591288 | 29 |
| വി.ഇ.ഒ | 19 | 12 | 9076900 | 4325500 | 48 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 4012433 | 2323510 | 58 |
| സെക്രട്ടറി | 33 | 26 | 9254466 | 6575294 | 71 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 118 | 69 | 30718485 | 15088622 | 49 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 4 | 961660 | 726997 | 76 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 550000 | 550000 | 100 |
| വെറ്ററിനറി സർജ്ജൻ | 5 | 2 | 2865000 | 176250 | 6 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 477000 | 376999 | 79 |
| എച്ച്.എം | 6 | 4 | 833595 | 546922 | 66 |
| ആകെ | 197 | 127 | 67769939 | 33281382 | 49% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്- | 0 | 11201200 | 11201200 | 11201200 | 0 |
| ഭരണചെലവ് | 4195 | 1032707 | 1036902 | 1034432 | 2470 |

# 1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 45 | 27000 |
| വിധവാ പെൻഷൻ | 972 | 11399200 |
| വാർദ്ധക്യകാല പെൻഷൻ | 920 | 11027900 |
| കർഷക തൊഴിലാളി പെൻഷൻ | 761 | 9248900 |
| വികലാംഗ പെൻഷൻ | 180 | 2220700 |
| അവിവാഹിത പെൻഷൻ | 64 | 795600 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-01-2019 ന് 3.00 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7557 രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

മുൻകൂട്ടി നിശ്ചയിച്ച മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചു. ഭേദപ്പെട്ട ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനില്ക്കുന്നതായി കാണുന്നു. ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുകയും അതിന്റെ ഭാഗമായി 2107-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് ISO സർട്ടിഫിക്കേഷൻ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് എന്നതിനാലും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ് എന്നതിനാലും ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്.

തെരുവുവിളക്കുകളുടെ പരിപാലനം, കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം തുടങ്ങിയ വിഷയങ്ങളിൽ പൊതു ഫണ്ടിന് നഷ്ടമുണ്ടാകാത്ത രീതിയിലുള്ള പ്രവർത്തനം നടപ്പിലാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രൊക്യൂർമെന്റ് കമ്മിറ്റി ഓരോ വാങ്ങലിലും തീരുമാനങ്ങൾ എടുക്കേണ്ടതാണ്. ആസൂത്രണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമാക്കേണ്ടതാണ്.

ഇ ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിലും ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാൻ വേണ്ട നടപടി സ്വീകരിച്ചിട്ടില്ല.

## **1-11** മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-12-2018 | 11/2018 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-08-2009 മുതൽ 17-08-2009വരെ | 2004-05 മുതൽ- 2008-09 വരെ | 28.7.2011 |

## **1-12** വാർഷിക കണക്കുകകളിലെ അപാകതകൾ

(ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

ഒന്നുമില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് തയ്യാറാക്കൽ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പു പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1(എ)(1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തതായി കാണുന്നില്ല. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനുവരി 22-നു മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർത്തിട്ടില്ല. ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായി കാണുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബജറ്റ് 25.03.2017 ലെ 1(1)-ാം നമ്പർ തീരുമാനമായി ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ആയത് ചർച്ച ചെയ്യുന്നതിനായി 28.03.2017 തിയ്യതിയിൽ പ്രസിഡന്റ് പ്രത്യേക യോഗം വിളിക്കുകയും പ്രസ്തുത യോഗത്തിൽ ബജറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മാർച്ച് ഏഴിന് മുമ്പ് യോഗം വിളിക്കണമെന്ന സമയക്രമം പാലിച്ചിട്ടില്ല.

കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

നടപടിക്രമങ്ങൾ പാലിക്കാത്തത് യഥാർത്ഥത്തിൽ ആവശ്യമായ തുക വാർഷിക ബജറ്റിൽ വകയിരുത്താതെ പോകുന്നതിന് ഇടയാക്കുമെന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി പെർമിറ്റ് അനുവദിക്കേണ്ടതും ക്രമവൽകരണം നടത്തേണ്ടതുമാണ്

1.പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഫ്ലോർ ഏരിയക്ക് പകരം പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയിരിക്കുന്നു.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനമാക്കിയാണ് നിശ്ചയിച്ചിട്ടുള്ളത് (per sqare metre of floor area). കൂടാതെ കാർഷെഡ്, ടൊയ്‌ലറ്റ്, വാച്ച് & വാർഡ് കാബിൻ മുതലായവയും ഫ്ലോർ ഏരിയയോടൊപ്പം പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ചേർക്കേണ്ടതാണ്. എന്നാൽ എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം സങ്കേതം സോഫ്റ്റ്‌വെയർ മുഖേനയും മാന്വലായും അനുവദിച്ച മുഴുവൻ കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കും പെർമിറ്റ് ഫീസ് നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത് പ്ലിന്ത് ഏരിയയാണ്.

2. കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ നിർദ്ധിഷ്ട മാതൃയിൽ സൂക്ഷിച്ചിട്ടില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 137(3) പ്രകാരം കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിച്ച നിബന്ധനകൾ, രാജിയാക്കൽ ഫീസ് എന്നിവ ഉൾപ്പെടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ 'അനുബന്ധം-ജെ' മാതൃകയിൽ സൂക്ഷിക്കേണ്ടതാകുന്നു. നിലവിൽ സൂക്ഷിച്ചിട്ടുള്ളത് നിശ്ചിത മാതൃകയിലല്ല.

3. നിയമാനുസൃതമല്ലാത്ത രാജിയാക്കൽ ഫീസ് ഇടാക്കിയിരിക്കുന്നു.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 136(4) പ്രകാരം പെർമിറ്റില്ലാത്ത നിർമ്മാണങ്ങളും അതിന്റെ വ്യതിയാനങ്ങളും ക്രമവൽക്കരിക്കുന്നതിനുള്ള രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്. എന്നാൽ 2017-18 വർഷം എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ ക്രമവൽകരണത്തിനുള്ള രാജിയാക്കൽ ഫീസായി ഈടാക്കിയിരിക്കുന്നത് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ മൂന്നിരട്ടിയാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | പേരും വിലാസവും | ക്രമവൽകരിച്ച വിസ്തീർണ്ണം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടിയിരുന്ന ഫീസ് |
|---|---|---|---|---|---|
| 1 | 3/418 | പുഷ്പാംഗദൻ & മാത്യു, കൊല്ലങ്കോട് അഗ്രോ റൈസ്മിൽ (പ്രൈ) ലി. | 1039.44 ച മീ | 1039.44*5*3= 15612രൂപ | 1039.44*5*2= 10395 രൂപ |
| 2 | 3/420 | കുഞ്ചപ്പൻ S/O പഴണിയാണ്ടി, പാണ്ടൻകോട് കളം, വട്ടേക്കാട് പി ഒ | 22.73 ച മീ | 22.78*5*3= 341 രൂപ | 22.78*5*2= 228 രൂപ |
| 3 | 10/521 | കെ.സി.രാമദാസ്, കാവുങ്കൽ വീട്, എലവഞ്ചേരി | 239.46 ച മീ | 239.46*3*3= 2395 രൂപ | 239.46*3*2= 1437 രൂപ |

(കാറ്റഗറി 2 വില്ലേജ് പഞ്ചായത്തുകളിൽ എ1 ഒക്യുപ്പൻസി കെട്ടിടങ്ങൾക്ക് 3 രൂപയും മറ്റുള്ളവയ്ക്ക് 5 രൂപയുമാണ് നിർണ്ണയിക്കപ്പെട്ടിട്ടുള്ള പെർമിറ്റ് ഫീസ്)

4. സമയബന്ധിതമായി അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 14,15,16 എന്നിവ പ്രകാരം (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ, 2017 -ന് അനുസൃതം) കെട്ടിട നിർമ്മാണ പെർമിറ്റിനായുള്ള അപേക്ഷയിന്മേൽ 15 ദിവസത്തിനകം തീർപ്പുകൽപ്പിക്കാത്ത പക്ഷം പെർമിറ്റ് ലഭിച്ചതായി കണക്കാക്കി ചട്ടങ്ങൾക്ക് വിധേയമായി അപേക്ഷകന് നിർമ്മാണം തുടങ്ങാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പെർമിറ്റുകൾ അനുവദിച്ചിട്ടുള്ളത് സമയപരിധി പാലിക്കാതെയാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ് നം | ഫയൽ നം/ അപേക്ഷിച്ച തിയ്യതി | പെർമിറ്റ് തിയ്യതി |
|---|---|---|---|
| 1 | BA(46795/18) | 412/06.02.18 | 06.03.18 |
| 2 | BA(17288/18) | 362/01.02.18 | 28.02.18 |
| 3 | BA(2873/18) | 186/16.01.18 | 22.02.18 |
| 4 | BA(3488/18) | 145/11.01.18 | 08.02.18 |

ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/21.01.2019 ന് മറുപടിയായി ക്രമവൽകരണ രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കുന്നതാണെന്നും പെർമിറ്റ് ഫീസ്, രാജിയാക്കൽ ഫീസ് എന്നിവ ഈടാക്കുന്നതിലെ അപാകതകൾ പരിഹരിക്കുന്നതാണെന്നും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കെട്ടിടങ്ങളുടെ ക്രമവൽക്കരണം സംബന്ധിക്കുന്ന രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതാണ്.
2. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും തുടർ ഭേദഗതികൾക്കും അനുസൃതമായി പെർമിറ്റ് അനുവദിക്കേണ്ടതും ക്രമവൽക്കരിച്ചു നൽകേണ്ടതുമാണ്.
3. കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളിന്മേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 അനധികൃത മൊബൈൽ ടവറിനെതിരെ നടപടി സ്വീകരിക്കേണ്ടതും മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്

1. അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 25.10.17 ലെ സി3-18009/17 നമ്പർ സർക്കുലർ പ്രകാരം മൊബൈൽ ടവറുകൾക്ക് പെർമിറ്റ് നൽകുന്നതും വസ്തുനികുതി ഈടാക്കുന്നതും സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്.

എലവഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി

നിർണ്ണയിച്ച് ഈടാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയ രജിസ്റ്റർ (സഞ്ചയ) പരിശോധിച്ചതിൽ 4 ടവറുകൾക്കാണ് നികുതി നിർണ്ണയിച്ചിരിക്കുന്നതെന്ന് കണ്ടെത്തി. പഞ്ചായത്ത് പ്രദേശത്ത് 10,12 വാർഡുകളിലായി 2 ബി.എസ്.എൻ.എൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത് 12/276 നമ്പരിട്ട ഒരു ടവറിനു മാത്രമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ 10-ാം വാർഡിൽ എലവഞ്ചേരി ടെലഫോൺ എക്സ്ചേഞ്ചിനോടുചേർന്ന് ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവർ പ്രവർത്തിക്കുന്നതായി കാണുവാൻ കഴിഞ്ഞു. ടവറിന്റെ കാബിൻ എക്സ്ചേഞ്ചിനകത്തായി സ്ഥാപിച്ചിരിക്കുന്നതായി കണ്ടെത്തി.

<u>2) തെറ്റായി നികുതി നിർണ്ണയം നടത്തിയ മൊബൈൽ ടവറിന്റെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്</u>

12/276 നമ്പരായി നികുതി നിർണ്ണയിച്ചിട്ടുള്ള ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്, സഞ്ചയ ഫോറം 6 പരിശോധിച്ചതിൽ കാലപ്പഴക്കം 50 വർഷത്തിലേറെ എന്ന് രേഖപ്പെടുത്തി 50 ശതമാനം അടിസ്ഥാന നികുതിയിന്മേൽ ഇളവ് നല്കിയിരിക്കുന്നു (2790 രൂപ). ഇന്ത്യയിൽ തന്നെ മൊബൈൽ ടവറുകൾ സ്ഥാപിച്ചു തുടങ്ങിയിട്ട് 25 വർഷത്തിലധികം ആയിട്ടില്ലെന്നിരിക്കെ 50 വർഷത്തിലധികം കാലയളവ് രേഖപ്പെടുത്തി ഇളവ് അനുവദിച്ചത് തെറ്റായിട്ടാണെന്ന് വിലയിരുത്തുന്നു.

ഇവ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം 04/21.01.2019 ന് അനധികൃത നിർമ്മാണം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും വസ്തുനികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറിനെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ല്യു വകുപ്പ്, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതും ടെലഫോൺ എക്ചേഞ്ചിന്റെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

2. തെറ്റായ വിവരം ചേർക്കപ്പെട്ടതുമൂലം നികുതിയിളവ് നൽകപ്പെട്ട 12/276 നമ്പർ ബി.എസ്.എൻ.എൽ ടവറിന്റെ വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതും കുടിശ്ശിക ഉൾപ്പെടെ ഈടാക്കേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-4** <u>സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്</u>

ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി സേവന ഉപനികുതി ഏർപ്പെടുത്താവുന്നതാണ്. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ

പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ, സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളാവുന്നതാണ്.
(ഓഡിറ്റ് അന്വേഷണം നം. 19/24.01.2019)

## 2-5 സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി- ഭവനനിധി രൂപീകരിച്ചിട്ടില്ല

31.07.2017 ലെ സ.ഉ(എം.എസ്)നം.151/2017/തസ്വഭവ പ്രകാരം സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ (ലൈഫ് മിഷൻ) മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിരുന്നു. പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെ എങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണെന്നും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം/വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഭവനനിധിയുടെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

എന്നാൽ എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ മേൽ നിർദേശപ്രകാരമുള്ള ഭവനനിധി രൂപീകരിച്ചതായി കാണുന്നില്ല.

ഭവനനിധി രൂപീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/24.01.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ഡി&ഒ ലൈസൻസ് നൽകൽ- 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് ഫീസ് നിർണ്ണയ രീതി, സ.ഉ (പി) നം. 80/2017/തസ്വഭവ തീയതി 31.10.2017 പ്രകാരം പുറപ്പെടുവിച്ച ഭേഗദതി ചട്ടങ്ങൾ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ചട്ടങ്ങളിലെ 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ' എന്നത് 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതുണ്ട്. രേഖകൾ പരിശോധിച്ചതിൽ അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ലെന്ന് കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/24.01.19 -ന് ഭേദഗതി ചട്ടം പ്രകാരം ഫീസ് നിർണ്ണയിച്ചു തുടങ്ങിയിട്ടുണ്ടെന്നും അപേക്ഷയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 -ൽ നിഷ്കർഷിച്ച പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതും ലൈസൻസ് അപേക്ഷയിൽ ഭേദഗതി പ്രകാരമുള്ള മാറ്റങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 വാടക/ലേലം നടപടികളിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

2017-18 വർഷം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 5 മുറികളിൽ 4 എണ്ണത്തിന്റെ വാടക പുതുക്കി നൽകുകയും 1 എണ്ണം ലേലം ചെയ്യുകയും ചെയ്തിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ, ലേല നടപടികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- 10/452 നമ്പർ കെട്ടിടം ലേലം എടുത്ത ശ്രീ. ഉണ്ണികൃഷ്ണൻ, ഉറ്റിപ്പാടം എന്നവരുമായി കരാർ ചമച്ചിട്ടില്ല. രേഖപ്പെടുത്തലുകൾ വരുത്താത്ത മുദ്രപത്രം ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.
- ലേലം പുതുക്കി നൽകിയ 9/314,4/403,4/1,4/2,7/370 എന്നിവയുടെ എഗ്രിമെന്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
- പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 13/495 നമ്പർ കെട്ടിടത്തിൽ 2013 ഒക്ടോബർ മുതൽ മാവേലി സ്റ്റോർ പ്രവർത്തിച്ചു വരുന്നുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് ഇവ പ്രവർത്തനം ആരംഭിച്ച് 5 വർഷം വരെ വാടക ഒഴിവാക്കി കൊടുക്കാവുന്നതാണെന്നിരിക്കെ സമയപരിധി അവസാനിച്ചിട്ടും വാടക ഈടാക്കുന്നതിന് നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ലേലം നടപടിക്രമങ്ങളിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

2. 5 വർഷ കാലയളവ് പൂർത്തിയായതിനാൽ മാവേലി സ്റ്റോറിൽ നിന്നും വാടക ഈടാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-8 രശീതികളുടെ സൂക്ഷിപ്പിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

24.05.2017 ലെ സ.ഉ(സാധാ)നം 1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1-8-2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതികൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രശീതികളിലൂടെയും സാംഖ്യ സോഫ്റ്റ്വെയർ മുഖേനയുമുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി മാന്വൽ രശീതികൾ, സാംഖ്യ രശീതികളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രശീതികളുടെ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ക്യാൻസൽ ചെയ്യുന്ന ചില രശീതികളിൽ ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രശീതി നം | സ്റ്റേഷനറി നം | തുക |
|---|---|---|---|
| 1 | 11705106017 | 02715052 | 670 |
| 2 | 11705106027 | 02715058 | 477 |
| 3 | 11705106080 | 02715111 | 67 |
| 4 | 118050101265 | 02716561 | 108 |
| 5 | 118050102209 | 02717532 | 120 |
| 6 | 118050500003 | 0717590 | 1250 |
| 7 | 118050102288 | 02717617 | 1200 |
| 8 | 118050400003 | 0717728 | 10000 |

പ്രിന്റർ തകരാറുമൂലം ഉപയോഗിക്കാനാവാതെ പോയ, താഴെ പറയുന്ന കാഷ് രശീതി സ്റ്റേഷനറികൾ ക്യാൻസൽ ചെയ്യാതെ കൗണ്ടർ ഫോയിലുകൾക്കൊപ്പം സൂക്ഷിച്ചിരിക്കുന്നു.

| ക്രമ നം | സ്റ്റേഷനറി നം |
|---|---|
| 1 | 2715190 |
| 2 | 2723824 |
| 3 | 2723710 |
| 4 | 2715562 |

| | |
|---|---|
| 5 | 2715567 |
| 6 | 2715639 |

മാന്വൽ രശീതി ബുക്ക് നം. 47167 രശീതി നം 62,71 എന്നിവ ക്യാൻസൽ ചെയ്തവയാണെങ്കിലും രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. ബുക്ക് നം. 47168 രശീതി നം 85 മുതൽ 100 വരെ ക്യാൻസൽ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 2/21.01.2018 ന് മറുപടിയായി അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നും മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്യാൻസൽ ചെയ്യുന്ന രശീതികളുടെ സ്റ്റേഷനറി, കൃത്യതയോടെ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തത് സ്റ്റേഷനറിയുടെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ നിയമാനുസൃതം രശീതികൾ കൈകാര്യം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-9 ഇ-ടെണ്ടർ ഫോറങ്ങളുടെ വില പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ ഇ-ടെണ്ടർ നടത്തുന്നതിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടിലേക്ക് (എസ്. ബി. ഐ അക്കൗണ്ട് നം.37234935208) 11.06.2018ന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും 2015-16 മുതൽ 30.11.17 വരെയുള്ള കാലയളവിലെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില 17430/-രൂപ ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടുണ്ട്. ഈ തുകയും ടെണ്ടർ ഫോറങ്ങളുടെ വിലയായി നാളിതുവരെ ഈടാക്കിയ മറ്റ് തുകകളും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബിറ്റുമിൻ ബാരൽ വില ഈടാക്കിയിട്ടില്ല

2017-18 വർഷം ബിൽ തുക നൽകിയ ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബിറ്റുമിന്റെ ബാരൽവില ഈടാക്കിയിട്ടില്ല. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു. ഈ തുക നികുതിയും ചേർത്ത് ഈടാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| ഉപയോഗിച്ച ബിറ്റുമിന്റെ ബാരൽ അളവ് | ss1 (200kg/barrel) | s-65/vg30 (156kg/barrel) | rs1 (182kg/barrel) |

1.പ്രൊജക്റ്റ് നം/ പേര് : 57/17(151/18)പനന്തുറവ റോഡ് - മെറ്റലിങ് & ടാറിങ്ങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.150,000/- മെയ്ന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ്. തുക | 150000 |
| ബിൽ നം ,തിയതി | 16/2017-18 dt.29-07-17 |
| എഗ്രിമെന്റ് നം/ തിയതി | 5/ae/lsgd/elygp dt.18-01-2017 |
| എം ബുക്ക് നം | 5/2016-17 |
| പൂർത്തിയാക്കിയ തിയതി | 30-05-17 |
| കരാറുകാരൻ | വിജയരാഘവൻ.സി |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with packed bitumin (ss1) | 259.92 | @0.85kg/m$^2$ =220.932 kg | 1.10 |
| 2. | Tack coat with bitumin emulsion (rs1) | 259.92 | @0.225kg/m$^2$ =58.482 kg | 0.32 |
| 3. | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 259.92 | @1.46kg/m$^2$ =379.483kg | 2.43 |
| 4. | Seal coat with Bitumin S-65 | 259.92 | @0.65kg/m$^2$ =168.948kg | 1.08 |
| ആകെ ബാരലിന്റെ വില @250/- *4.93 = 1233 | | | | 4.93 |

2. പ്രൊജക്ട് നം/ പേര് : 75/17(156/18) മോടൻകാട് റോഡ് - മെറ്റലിങ് & ടാറിങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.300,000/- (പ്ലാൻ scp) |
| ചെലവ് തുക | 300000 |
| ബിൽ നം, തിയതി | 10/2017-18 dt.29-07-17 |
| എഗ്രിമെന്റ് നം/ യിയതി | 25/ae/lsgd/elygp dt.13-02-2017 |
| എം ബുക്ക് നം | 25/2016-17 |
| പൂർത്തിയാക്കിയ തിയതി | 30-05-17 |
| കരാറുകാരൻ | സിജു.എം.കെ |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1. | Prime coat with bitumin emulsion | 553 | @0.85kg/m$^2$ =470.05kg | 2.35 |

| | | | | |
|---|---|---|---|---|
| | (ss1) | | | |
| 2. | Tack coat with bitumin emulsion (rs1) | 536.50 | @0.225kg/$m^2$ =120.712 kg | 0.66 |
| 3 | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 536.50 | @1.46kg/$m^2$ =783.290kg | 5.02 |
| 3 | Seal coat with Bitumin S-65 | 536.50 | @0.65kg/$m^2$ =348.725kg | 2.23 |
| ആകെ ബാരലിന്റെ വില @250/- *10.26 = 2565 | | | | 10.26 |

3. പ്രൊജക്റ്റ് നം/ പേര് : 119/17(167/18) കരുവാൻതറ റോഡ് - ടാറിങ്ങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.350,000/- (പ്ലാൻ scp) |
| ചെലവ്. തുക | 346500 |
| ബിൽ നം ,തിയതി | 61/2017-18 dt.28-02-18 |
| എഗ്രിമെന്റ് നം/ തിയതി | 10/ae/lsgd/elygp 20dt.27-01-2017 |
| എം ബുക്ക് നം | 10/2016-17 |
| പൂർത്തിയാക്കിയ തിയതി | 20-02-18 |
| കരാറുകാരൻ | ഹരിദാസ്.ആർ |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | Prime coat with bitumen emulsion (ss1) | 692$m^2$ | @0.85kg/$m^2$ =588.200kg | 2.94 |
| 2 | Tack coat with bitumin emulsion (rs1) | 692$m^2$ | @0.25kg/$m^2$ =155.700kg | 0.85 |
| 3 | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 692$m^2$ | @1.46kg/$m^2$ =1010.32kg | 6.47 |
| 4 | Seal coat with Bitumin S-65 | 692 m2 | @0.65kg/$m^2$ =449.800kg | 2.88 |
| ആകെ ബാരലിന്റെ വില @250/-*13.14 = 3285 | | | | 13.14 |

4.പ്രൊജക്റ്റ് നം/ പേര് : 119/17(200/18) കുളപ്പുള്ളി പാടം കുളത്തിന് അരികിലുള്ള റോഡ് -മെറ്റലിംങ്& ടാറിങ്ങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹200,000/- (പ്ലാൻ scp) |
| ചെലവ്. തുക | 190512 |
| ബിൽ നം ,തിയതി | 73/2017-18 dt.15-03-18 |
| എഗ്രിമെന്റ് നം/ തിയതി | 56/ae/lsgd/elygp 2017-18 dt. 01-11-2017 |
| എം ബുക്ക് നം | 49,50/2017-18, |
| പൂർത്തിയാക്കിയ തിയതി | 20-02-18 |
| കരാറുകാരൻ | ഹരിദാസ്.ആർ |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | Prime coat ss1 | 275 | @0.85kg/m$^2$ =233.75 kg | 1.16 |
| 1. | Tack coat with bitumin emulsion (rs1) | 275 | @0.225kg/m$^2$ =60.50 kg | 0.33 |
| 2 | 20mm thick open graded premix carpet using bituminous Binder bitumin VG30 | 275 | @1.46kg/m$^2$ =401.50kg | 2.57 |
| 3 | Seal coat with Bitumin VG30 | 275 | @0.65kg/m$^2$ =178.75kg | 1.14 |
| ആകെ ബാരലിന്റെ വില @250/- *5.2 = 1300 | | | | 5.2 |

5.പ്രൊജക്ട് നം/ പേര് : 106/18 പെരുങ്ങോട്ടുകാവ് ബസ്സ്റ്റോപ്പ് മുതൽ അമ്പലവരെയുള്ള റോഡ് - റീടാറിങ്ങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹230000/- (മെയ്ന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ്. തുക | ₹230000/- |
| ബിൽ നം ,തിയതി | 59/2017-18 dt.28-02-18 |
| എഗ്രിമെന്റ് നം/ തിയതി | 20/ae/lsgd/elygp 2017-18 dt.23-10-2017 |
| എം ബുക്ക് നം | 44/2017-18 |
| പൂർത്തിയാക്കിയ തിയതി | 19-02-18 |
| കരാറുകാരൻ | ജയപ്രകാശ് |

| ഇനം | പ്രവൃത്തി | അളവ് | ആവശ്യമായ | ബാരലിന്റെ |
|---|---|---|---|---|

| | | Sq.m | ബിറ്റുമിൻ(as per adequacy) | എണ്ണം |
|---|---|---|---|---|
| 1 | Modified penetration macadam 75mm thick using VG30 | 97.76 | @2kg/$m^2$ =195.52 | 1.25 |
| 2 | Tack coat with bitumin emulsion (rs1) | 824.57 | @0.225kg/m2 =185.52 kg | 1.01 |
| 3 | 20mm thick open graded premix carpet using bituminous Binder bitumin VG30 | 824.57 | @1.46kg/$m^2$ =1203.87kg | 7.71 |
| 4 | Seal coat with Bitumin VG30 | 824.57 | @0.65kg/$m^2$ =535.97kg | 3.43 |
| ആകെ ബാരലിന്റെ വില @250/- *13.40 = 3350 | | | | 13.40 |

6.പ്രൊജക്റ്റ് നം/ പേര് : 133/18 കയത്തംകാട് കോളനി റോഡ് - മെറ്റലിംങ്. ടാറിംങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹200000/- (പ്ലാൻ. എസ്.സി.പി) |
| ചെലവ്. തുക | ₹200000/- |
| ബിൽ നം ,തിയതി | 63/2017-18 dt.8-03-18 |
| എഗ്രിമെന്റ് നം/ തിയതി | 23/ae/lsgd/elygp 2017-18 dt.23-10-2017 |
| എം ബുക്ക് നം | 40/2017-18 |
| പൂർത്തിയാക്കിയ തിയതി | 22-01-18 |
| കരാറുകാരൻ | ജയപ്രകാശ് |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | Prime coat (ss1) | 375.95 | @0.85kg/$m^2$ =319.55 kg | 1.59 |
| 2 | Tack coat with bitumin emulsion (rs1) | 375.95 | @0.225kg/$m^2$ =84.58 kg | 0.46 |
| 3 | 20mm thick open graded premix carpet using bituminous Binder bitumin VG30 | 375.95 | @1.46kg/$m^2$ =548.88kg | 3.51 |
| 4 | Seal coat with Bitumin VG30 | 375.95 | @0.65kg/$m^2$ =244.36kg | 1.56 |

| | |
|---|---|
| ആകെ ബാരലിന്റെ വില @250/- *7.12 = 1780 | 7.2 |

7.പ്രൊജക്ട് നം/ പേര് : 112/17(164/18) കാരക്കാട്റോഡ് -മെറ്റലിംങ്& ടാറിങ്ങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹234000/- (മെയ്ന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ്. തുക | 233688 |
| ബിൽ നം ,തിയതി | 56/2017-18 dt.28-02-18 |
| എഗ്രിമെന്റ് നം/ തിയതി | 30/ae/lsgd/elygp 2017-18<br>dt.28-01-2017 |
| എം ബുക്ക് നം | 19/2017-18 |
| പൂർത്തിയാക്കിയ തിയതി | 20-02-18 |
| കരാറുകാരൻ | ദേവദാസൻ |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | Prime coat (ss1) | 411.45 | @0.85kg/m$^2$<br>=349.73 kg | 1.74 |
| 1. | Tack coat with bitumin emulsion (rs1) | 485.16 | @0.225kg/m$^2$<br>=109.16kg | 0.59 |
| 2 | 20mm thick open graded premix carpet using bituminous Binder bitumin VG30 | 485.16 | @1.46kg/m$^2$<br>=708.33kg | 4.54 |
| 3 | Seal coat with Bitumin VG30 | 485.16 | @0.65kg/m$^2$<br>=315.35kg | 2.02 |
| 4 | Modified penetration macadam 75mm thick using VG30 | 12.60 | @2kg/m$^2$<br>=25.20kg | 0.16 |
| ആകെ ബാരലിന്റെ വില @250/- *9.05 = 2263 | | | | 9.05 |

8.പ്രൊജക്ട് നം/ പേര് : 114/17(165/18) തേക്കിൻകാട് ആശുപത്രി റോഡ് ടാറിങ്ങ്

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹145000/- (മെയ്ന്റനൻസ് ഗ്രാന്റ് റോഡ്) |
| ചെലവ്. തുക | 142244 |
| ബിൽ നം ,തിയതി | 62/2017-18 dt.08-03-18 |

| | |
|---|---|
| എഗ്രിമെന്റ് നം/ തിയതി | 14/ae/lsgd/elygp 2017-18 dt.28-01-2017 |
| എം ബുക്ക് നം | 38,39/2017-18 |
| പൂർത്തിയാക്കിയ തിയതി | 23-01-18 |
| കരാറുകാരൻ | ദേവദാസൻ |

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | Prime coat (ss1) | 411.45 | @0.85kg/m$^2$ =349.73 kg | 1.74 |
| 1. | Tack coat with bitumin emulsion (rs1) | 436.05 | @0.225kg/m$^2$ =98.11 kg | 0.49 |
| 2 | 20mm thick open graded premix carpet using bituminous Binder bitumin VG30 | 485.16 | @1.46kg/m$^2$ =708.33kg | 4.54 |
| 3 | Seal coat with Bitumin VG30 | 485.16 | @0.65kg/m$^2$ = 315.35kg | 1.14 |
| | Modified penetration macadam 75mm thick using s-65 packed bitumin | 59.155 | @2kg/m$^2$ =118.31kg | 0.75 |
| ആകെ ബാരലിന്റെ വില @250/- *8.66 = 2165 | | | | 8.66 |
| ആകെ – 17941 | | | | |

ഇതു സംബന്ധിച്ച് 25.1.2019ന് 20-ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകയാൽ മേൽ പറഞ്ഞ തുക അതാത് കോൺട്രാക്ടർമാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 സർവ്വീസ് ചാർജ്ജ് നൽകിയത് ക്രമീകരിച്ചിട്ടില്ല

2016- 17 വർഷത്തിൽ അംഗീകാരം വാങ്ങിയശേഷം സ്പിൽ ഓവർ ആയ താഴെ പറയുന്ന പ്രവൃത്തികളിൽ യഥാർത്ഥ പ്രവൃത്തി മൂല്യത്തോടൊപ്പം സർവ്വീസ് ചാർജ്ജ് കൂടി ഉൾപ്പെടുത്തി കരാറുകാർക്ക് തുക നൽകിയിട്ടുണ്ട്. സർവ്വീസ് ടാക്സ് ഒടുക്കിയതിന്റെ രസീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല. യഥാർത്ഥ പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുള്ള സർവ്വീസ് ചാർജ്ജ് കരാറുകാർ നേരിട്ട് കേന്ദ്രഫണ്ടിലേക്ക് ഒടുക്കി രസീതി ഹാജരാക്കുന്ന മുറയ്ക്കാണ് കരാറുകാരന് തുക അനുവദിക്കാവുന്നത്. എന്നാൽ സർവ്വീസ് ചാർജ്ജ് ഒടുക്കിയ രസീതി ഹാജരാക്കാതെതന്നെ കരാറുകാരന് സർവ്വീസ് ചാർജ്ജ് തുക അനുവദിച്ചതായി പരിശോധനയിൽ കണ്ടെത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രൊജക്റ്റ് നം. 172/17 (190/18) ശിശു വിഹാർ സ്റ്റെയർ കേസ്

അടങ്കൽ-31000

(മെയ് ന്റെനൻസ് ഗ്രാന്റ്- റോഡിതരം20000+ പ്ലാൻ ജനറൽ11000)

ചെലവ് - 30000

1.ബിൽ നം. 12/29-07-2017 തുക.20000

2.ബിൽ നം. 13/29-07-2017 തുക.10000

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ-ശ്രീ. സിജു. എം.കെ

എഗ്രിമെന്റ് നം. - 56/ae/lsgd/Elygp/16-17 dt.22-3-2017

അളവു പുസ്തകം നം. 09/17-18

കണക്കാക്കിയിട്ടുള്ള പ്രവൃത്തി മൂല്യം 28310.98/- രൂപ

സർവ്വീസ് ചാർജ്ജ് 1698.66/- രൂപ

മേൽ പ്രവൃത്തിയുടെ യഥാർത്ഥ പ്രവൃത്തി മൂല്യം 28310.98/- രൂപയും ആയതിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുള്ള സർവ്വീസ് ചാർജ്ജ് 1699/- രൂപയുമാണ്.

2. പ്രൊജക്റ്റ് നം. 129/17 (172/18)പി.എച്ച്.സി ട്രസ്സ് വർക്ക്

അടങ്കൽ-100000 (മെയ് ന്റെനൻസ് ഗ്രാന്റ്)

ചെലവ് - 94786 ബിൽ നം. 25/2017-18 തിയതി.31.08.2017

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ-ശ്രീ.ജയപ്രകാശ്

എഗ്രിമെന്റ് നം. - 60/ae/lsgd/Elygp/16-17 dt29-3-2017

അളവു പുസ്തകം നം. 12/17-18

കണക്കാക്കിയിട്ടുള്ള പ്രവൃത്തി മൂല്യം 91254.58/- രൂപ, ആയതിൽ നിന്നും ടെൺഡർ വ്യതിയാനം(2.01%) 1834.22 രൂപ കുറച്ചശേഷം 6% നിരക്കിൽ കണക്കാക്കിയ സർവ്വീസ് ചാർജ്ജ് 5365/- രൂപ.

സർവ്വീസ് ചാർജ്ജ് മുൻകൂറായി ഒടുക്കിയതിന്റെ രേഖ ഹാജരാക്കാതെ തുക കരാറുകാർക്ക് നൽകിയ നടപടി ക്രമപ്രകാരമല്ല.

ഈ വിഷയത്തിൻ മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.10 തിയതി 24-01-2019) മറുപടി ലഭ്യമായിട്ടില്ല. കരാറുകാർക്ക് അനധികൃതമായി നൽകിയ 7064/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

## 3-3 സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

2016-17 വർഷത്തിൽ അംഗീകരിച്ചിട്ടുള്ളതും 2017-18 ൽ സ്പിൽ ഓവർ ആയിട്ടുള്ളതുമായ താഴെ പറയുന്ന പ്രവൃത്തികൾ 2017-18 ലും പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടില്ല. 13-ാം പദ്ധതി മാർഗ്ഗനിർദ്ദേശമനുസരിച്ച് ഒരു പ്രവൃത്തി സ്പിൽ ഓവർ ആയാൽ അത് സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കണമെന്നുണ്ട്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് | അടങ്കൽ |
|---|---|---|
| 1. | 186/18 മണ്ഡപം കുടം കുടിവെള്ള പദ്ധതി | 250000 |
| 2. | 188/18 കിഴക്കേമുറി പുഴപ്പാറ നടപ്പാലത്തിന് കൈവരി | 85000 |
| 3. | 189/18 വനിതാ ക്യാൻറീൻ | 196542 |
| 4. | 196/18കൊല്ലത്തറ അങ്കണവാടി കെട്ടിട നിർമ്മാണം | 400000 |
| 5. | 163/18 ശ്രീ കുറുംബക്കാവ് മന്ദത്ത് പറമ്പ് മെറ്റലിംങ്,ടാറിംങ് | 336000 |
| 6 | 168/18പടിഞ്ഞാറെ മുറി അംഗൻവാടി റോഡ ടാറിംങ് | 325000 |
| 7 | 173/18 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ | 106452 |
| 8 | 175/18 പടിഞ്ഞാരെ മുറി റോഡ് റീടാറിംങ് | 150000 |
| 9 | 147/18 പൊരുതം കോട് മണ്ഡപം കുടം റോഡ് | 9444 |
| 10 | 1501/18കരിങ്കുളം ചെന്നക്കലായ് റോഡ് | 50000 |
| 11 | 157/18കുന്ന് റൌണ്ട് റോഡ് റീടാറിംങ് | 400000 |

## 3-4 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2017-18 വർഷത്തെ പദ്ധതികളുടെ ഭാഗമായി നിർവഹണ ഉദ്യോഗസ്ഥർ വിവിധ സ്ഥാപനങ്ങളിലേക്ക് തുക അനുവദിച്ചിട്ടുണ്ട്. നിർവഹണോദ്യോഗസ്ഥർ നല്കിയ തുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | നല്കിയ തുക | ബിൽ നമ്പർ | തുക ലഭിച്ച സ്ഥാപനം | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 60/18- പി.എം.എ.വൈ ജനറൽ ഷെയർ | ₹.100000/- | 1/17-18, 14.9.17, ₹.132500 (ധനകാര്യ | ബ്ളോക്ക് ഓഫീസ്, നെന്മാറ (1.11.17 | VEO I |

| | | | | | |
|---|---|---|---|---|---|
| | 16-17 | | | | |
| 2 | 60/18- പി.എം.എ.വൈ. എസ്.സി ഷെയർ 16-17 | ₹.32500/- | കമ്മീഷൻ ഗ്രാന്റ് ) | ലെ രശീതി പ്രകാരം കൈപ്പറ്റി) | |
| 3 | 85/18 പി.എം.എ.വൈ. എസ്.സി ഷെയർ 16-17 | ₹.20000/- | 1/17-18, 13.9.17, ₹.20000 (വികസന ഫണ്ട് -SCP ) | ബ്ളോക്ക് ഓഫീസ്, നെന്മാറ (1.11.17 ലെ രശീതി പ്രകാരം കൈപ്പറ്റി) | -VEO II |
| 4 | 27/18, എസ്.എസ്.എയ്ക്ക് വിഹിതം | ₹.459345 (വികസന ഫണ്ട് – ജനറൽ) | 1/17-18, 31.7.17, | എസ്.എസ്.എ 9.8.17ലെ 040636 നമ്പർ രശീതി | എച്ച്.എം |

തുകകൾ ലഭിച്ചതിന്റെ രശീതി മാത്രമാണ് ലഭിച്ചതായി കാണുന്നത്. നല്കിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.(എൻക്വയറി 14,15/ 24.1.2019).

## 3-5 ഭവന നിർമാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്റ്റ് നമ്പർ - 215 /18- പൂർത്തീകരിക്കാത്ത ഭവന നിർമാണം(ലൈഫ് മിഷൻ)

അടങ്കൽ- 560000(വികസന ഫണ്ട് (ജനറൽ)- 498608,തനത് ഫണ്ട്-61392)

ചെലവ്- 495000(ബിൽ നമ്പർ-6/17-18/28.1.18- 245000)
(ബിൽ നമ്പർ-8/17-18/28.2.18- 70000)

(ബിൽ നമ്പർ-9/17-18/28.2.18- 110000)
(ബിൽ നമ്പർ-19/17-18/22.2.18- 70000)
പൂർത്തീകരിക്കാത്ത ഭവന നിർമാണം(ലൈഫ് മിഷൻ) എന്ന പദ്ധതിയിലൂടെ മുൻവർഷങ്ങളിലെ പദ്ധതിയിൽ ഗുണഭോക്താവായി ഉൾപ്പെടുകയും ഭാഗികമായി മാത്രം ഭവന നിർമാണം നടത്തുകയും ചെയ്തിട്ടുള്ളവർക്ക് വീട് പണി പൂർത്തിയാക്കുന്നതിനായി അധിക ധനസഹായം നല്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത്തരത്തിൽ 3 പേർക്ക് 17-18ൽ ധനസഹായം അനുവദിച്ചതിൽ ശ്രീമതി. തത്ത,W/o പഴണി, കൽമൊക്ക്, ചേപ്പലോട്, പനങ്ങാട്ടിരി എന്ന ഗുണഭോക്താവ് നാളിതുവരെ ഭവന നിർമാണം പൂർത്തിയാക്കിയിട്ടില്ല. ഇവർക്ക് ആകെ 82500 രൂപ അനുവദിച്ചിട്ടുണ്ട്. ടി വ്യക്തി ഭവന നിർമാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം : 34/18 -കന്നുകുട്ടി പരിപാലനം

അടങ്കൽ : 156250/-

ചെലവ് : 156250/- (വികസന ഫണ്ട്- ജനറൽ)

ബിൽ നം. : 02/17-18/19-2-2018
നിർവ്വഹണം : വെറ്ററിനറി സർജ്ജൻ

വെറ്ററിനറി സർജൻ നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 25 ഗുണഭോക്താക്കൾക്കായി വികസന ഫണ്ടിൽ നിന്നും 156250/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി പ്രൊഗ്രാം പാലക്കാടിന് (Ac.No. 714021400000008) അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് നൽകിയ 8/22-1-19 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
പദ്ധതി പൂർത്തീകരിച്ച് ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും, ചെലവവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഹോമിയോ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടിയെടുക്കേണ്ടതാണ്.

2017-18 വർഷത്തിൽ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങുന്നതിനായുള്ള പ്രോജക്റ്റിലൂടെ ഹോംകോയ്ക്ക് നല്കിയ തുകയ്ക്കുള്ള മരുന്നുകൾ ഇതുവരെയായി ലഭിച്ചിട്ടില്ല. പ്രോജക്റ്റിന്റെ വിശദാംശം.

പ്രോജക്റ്റ് നമ്പർ- 20/2018- ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന വാങ്ങൽ
നിർവഹണ ഉദ്യോഗസ്ഥൻ –മെഡിക്കൽ ഓഫീസർ (ആയുർവേദം)
അടങ്കൽ-50000 രൂപ . (M.G-N.R)
ചെലവ് - ബിൽ നമ്പർ 5/17-18, 12.1.18, 50000 രൂപ . (M.G-N.R)

പരിശോധനയ്ക്ക് ലഭിച്ച് സ്റ്റോക്ക് രജിസ്റ്റർ അനുസരിച്ച് പ്രോജക്റ്റ് പ്രകാരം മരുന്നുകൾ പൂർണമായി

ലഭിച്ചിട്ടില്ല എന്നു വ്യക്തമാകുന്നു . ഈ പദ്ധതിയ്ക്കായി 50000 രൂപ നല്കിയതിൽ 41705രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത് (ഇൻവോയ്സ് നമ്പർ -എൽ.എഫ് . 964 /30.11.2017, ₹41705). ബാക്കി തുകയായ ₹.8295 രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ ഹോംകോയ്ക്ക് കത്ത് നല്കിയിട്ടുണ്ട്. നല്കിയ തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കി അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (നം.7/22.1.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-8 പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 122 പൊതു കുടിവെള്ള ടാപ്പുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. ടാപ്പ് ഒന്നിന് 5250 രൂപ നിരക്കിൽ 53375/- രൂപ പ്രതിമാസ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. പ്രതിവർഷം 640,500/- രൂപ ഈ ഇനത്തിൽ ചെലവഴിക്കുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയ തി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കുക എന്ന സമീപനം സ്വീകരിച്ചിട്ടില്ല.പ്രസ്തുത വിഷയം ചൂണ്ടികാണിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (17/24.1.19) മറുപടി ലഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിനായി 13-ാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള തുക വകയിരുത്താവുന്നതാണ്.

2. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

4. പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ഉപയോഗ രഹിതമായവയ്ക്ക് ചാർജ്ജ് ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി-വനിത-എസ്.സി.പി-പിൻവലിച്ച തുകയിൽ 200000/-രൂപ ചെലവഴിക്കാതെ അക്കൗണ്ടിൽ

## അവശേഷിക്കുന്നു

പ്രോജക്ട് നം.58/18

അടങ്കൽ-250000 ( എസ്.സി.പി)

ബിൽ നം.24/18 തിയ്യതി 13.10.17=250000/-

പദ്ധതി നടത്തിപ്പിൻെറ ഭാഗമായി തുക പിൻവലിച്ച് സി.ഡി.എസ്. മെമ്പർ സെക്രട്ടറിയുടെ പേരിൽ എലവഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചു. പിന്നീട് 2018-19 സാമ്പത്തിക വർഷത്തിൽ ചെക്ക് നം. 6149 തിയ്യതി 17.7.18 പ്രകാരം 50000/- രൂപ പിൻവലിച്ച് ശ്രീമതി. പാർവ്വതി D/O വേലായുധൻ, കിഴക്കുംപാടം, പനങ്ങാട്ടീരി എന്ന വ്യക്തിക്ക് നല്കിയിട്ടുണ്ട്. ബാക്കി തുക 200000/- രൂപ പ്രസ്തുത അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ആശ്രയ ഫയൽ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ നാളിതുവരെയായി ആകെ ഒരു ഗഡുമാത്രമാണ് ഗുണഭോക്താവിന് നല്കിയിരിക്കുന്നത്.

ധനാഗമവും/ധനവിനിയോഗവും ഉത്തരവ് നം ജി.ഒ (പി)177/2006 ധനം 12.4.2006, ജി.ഒ.(പി) 119/15 ധനം 21.3.2015 എന്നീ ഉത്തരവുകളിൽ ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല എന്നും,ഓരോ മാസവും വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന കാഷ്, ഡി.ഡി തുകകൾ ട്രഷറി ചലാൻ മുഖേന തിരിച്ചടക്കണം എന്നും പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 13.10.17 ൽ പിൻവലിച്ച തുക 17.7.18 ൽ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. ഉത്തരവുകൾക്ക് വിരുദ്ധമായി പദ്ധതി തുക കൈകാര്യം ചെയ്തതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (21/25.1.19) മറുപടി ലഭിച്ചിട്ടില്ല.

# 3-10 ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ സംവിധാനം - അവലോകനം

1998 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 13-ാം പദ്ധതിയുടെ മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, ഹസാർഡസ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ എലവഞ്ചേരി ഗ്രാമപഞ്ചായത്ത് എത്രത്തോളം കാര്യക്ഷമത പ്രകടിപ്പിച്ചിട്ടുണ്ട് എന്ന് പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

മാലിന്യ ശേഖരണത്തിനായി തൻവർഷം പ്രോജക്ട് നം 69/18 - ഖരമാലിന്യത്തിന് ട്രാക്ടർ ട്രെയിലർ വാങ്ങൽ എന്ന പദ്ധതി പ്രകാരം രൂപ 751500/-രൂപ ഉപയോഗിച്ച് CLASSIC TRACTORS MALAPPURAM എന്ന സ്ഥാപനത്തിൽ നിന്നും ട്രാക്ടർ, ട്രെയിലർ വാങ്ങിയിട്ടുണ്ട്. എന്നാൽ ടി വാഹനം നിലവിൽ പ്രസ്തുത ആവശ്യത്തിനായി ഉപയോഗിക്കാതെ എലവഞ്ചേരി പി.എച്ച്.സി. യിൽ സൂക്ഷിച്ചിരിക്കുന്നു. മാത്രമല്ല ടി വാഹനം സ്റ്റോക്കിലെടുത്തിട്ടുമില്ല. ഖരമാലിന്യ സംസ്കരണത്തിനായി യാതൊരു ഭൗതിക സാഹചര്യവും ഒരുക്കാതെയാണ് ഗ്രാമപഞ്ചായത്ത് തൻവർഷം വാഹനം വാങ്ങിയിരിക്കുന്നത്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖകൾ പ്രകാരം സ്വീകരിച്ച നടപടികൾ

പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 ലെ

ഖണ്ഡിക 11 പ്രകാരം പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന ഷ്രെഡ്ഡ്, റോഡ് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഇത് ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല.

ഖണ്ഡിക നം. 15 പ്രകാരം ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സ.ഉ (കൈ) നം. 22/2018/തസ്വഭവ തിയതി 14-02-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായി അനുവദിക്കാവുന്ന സബ്സിഡിയുടെ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആവശ്യമായ പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം ഉറപ്പാക്കുവാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല.

അനുവദനീയമായ ഇനങ്ങൾക്ക് സബ്സിഡി അനുവദിച്ച് പരമാവധി മാലിന്യം വീടുകളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രോൽസാഹനം നൽകേണ്ടതുണ്ട്.

ശുചിത്വം, മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിൽ മറ്റ് പല തീരുമാനങ്ങൾ കൈക്കൊള്ളുന്നുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കുന്ന വിധത്തിൽ തുടർനടപടികൾ ഒന്നും തന്നെ സ്വീകരിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ തൻവർഷം ഒരു യോഗം മാത്രമെ കൂടിയിട്ടുള്ളൂ.

പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഇ-വേസ്റ്റ്, അജൈവ മാലിന്യങ്ങൾ എന്നിവ വേർതിരിച്ച് ശേഖരിക്കുന്നതിനായി എം.ആർ.എഫ് സെന്ററുകൾ നിർമ്മിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. എം.ആർ.എഫ് സെന്ററുകൾ നിർമ്മിക്കുന്നതിനായി സ്വീകരിച്ച വിവരം ഓഡിറ്റിനെ അറിയിച്ചിട്ടില്ല.

<u>പൊതു സ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നതിന് എതിരായ നടപടി</u>

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ 24 പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ആരെങ്കിലു അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ പിഴ ചുമത്തേണ്ടതും തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്. അപ്രകാരം തുക അടയ്ക്കാത്തപക്ഷം അയാളുടെ മേൽ സെക്രട്ടറി പ്രൊസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മാലിന്യങ്ങൾ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെയും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരമുള്ള ഒരു കുറ്റം കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുന്നതുമാണ്. അപ്രകാരമുള്ള കുറ്റം ചെയ്ത ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തയ്യായിരം രൂപയിൽ കവിയാതെയുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. അത്തരത്തിൽ പിഴ ഈടാക്കുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

<u>ഹരിത കർമ്മസേന</u>

വീടുകളിൽ നിന്നും നേരിട്ട് മാലിന്യം ശേഖരിക്കുന്നതിനായി ഹരിത കർമ്മ സേന രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

<u>പ്ലാസ്റ്റിക്ക് നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ</u>

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 ലെ വ്യവസ്ഥകൾ അനുസരിച്ച് പുറപ്പെടുവിച്ച 24-09-2016 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.576/ഡി.സി-1/16/തസ്വഭവ പ്രകാരം 50 മൈക്രോണിൽ കൂടുതലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. നിശ്ചിത തുക പരിപാലന ഫീയായി വ്യാപാരികളിൽ നിന്നും ഈടാക്കുന്നതിനും ആയത് സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ചെലവഴിക്കുവാനും അനുമതി നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ വ്യാപാര സ്ഥാപനങ്ങളിലെ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ മുതലായവ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

<u>ബദൽ മാർഗ്ഗങ്ങൾ</u>

പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ പേപ്പർ ബാഗ്, തുണി സഞ്ചി മുതലായ പരിസ്ഥിതി സൗഹൃദമായ സാമഗ്രികളുടെ ഉൽപ്പാദനവും വിപണനവും പ്രോൽസാഹിപ്പിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിൽ ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.
2. എല്ലാ വാർഡുകളിലേയും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
3. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യസംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.
4. ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്ലാസ്റ്റിക്ക് ഉചിതമായ രീതിയിൽ കയ്യൊഴിക്കേണ്ടതാണ്.
5. പ്ലാസ്റ്റിക്ക് സഞ്ചികളും കവറുകളും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. 2016 ലെ വിവിധ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സോളിഡ്, പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, എന്നിങ്ങനെയുള്ള മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
7. ഹരിത കർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കേണ്ടതും വീടുകളിലെ മാലിന്യ നീക്കം കാര്യക്ഷമമാക്കേണ്ടതുമാണ്.
8. എല്ലാ വാർഡുകളിലും ശുചിത്വത്തിനേയും മാലിന്യത്തേയും കുറിച്ച് ബോധവത്കരണ പരിപായികൾ നടത്തേണ്ടതാണ്.
9. പൊതു സ്ഥലത്ത് മാലിന്യങ്ങൾ വലിച്ചെറിയുകയും പുഴയിലേക്ക് ഒഴുക്കിവിടുന്നവർക്കു മെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.
10. പ്ലാസ്റ്റിക്കിനു പകരമായി ഉപയോഗിക്കാവുന്ന ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കേണ്ടതാണ്.
11. ഉറവിട മാലിന്യ സംസ്കരണത്തിന് സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിക്കാവുന്നതാണ്.
12. ഖരമാലിന്യ പ്ലാൻെറ് സ്ഥാപിച്ച് പ്ലാന്റിലെ ജൈവമാലിന്യം വളമാക്കി മാറ്റുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
13. മാലിന്യ സംസ്കരണ മേഖലയിൽ ഗ്രാമപഞ്ചായത്ത് തിരിച്ചറിഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
14. സ്കൂളുകളുടെ സഹകരണത്തോടെ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
15. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ്) സെന്ററുകൾ തുടങ്ങുക, ഹരിത കർമ്മ സേന ആരംഭിക്കുക.

16.മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വാങ്ങിയ ട്രാക്ടർ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മാലിന്യസംസ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് നാളിതുവരെ സ്വീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (16/24.1.19) മറുപടി ലഭിച്ചില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2450000 | 29/2017-18 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 0 | 2450000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2450000 | 29/2017-18 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 0 | 2450000 |
| block പഞ്ചായത്ത് | 2017-18 | 100000 | 23/2017-18 ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | 51/2018 പെരുങ്ങോട്ടുകാവ് കുടിവെള്ള പദ്ധതി | 214090 | 35910 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | 160/2018 കരിപ്പായി കുടിവെള്ള പദ്ധതി വാട്ടർ ടാങ്ക് | 0 | 100000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | 160/2018 കരിപ്പായി കുടിവെള്ള പദ്ധതി വാട്ടർ ടാങ്ക് | 0 | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | 208/2018 കരിങ്കുളം തുമ്പിടി കുടിവെള്ള പദ്ധതി | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | 209/2018 വട്ടേക്കാട് കമ്മാന്തറ കുടിവെള്ള പദ്ധതി | 0 | 250000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | 213/2018 കരിങ്കുളം മേലെ കരിപ്പായി കണ്ടൻ പറമ്പ് റോഡ് | 0 | 300000 |

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെല വഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 49/2018പട്ടികജാതി സങ്കേതങ്ങളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | | 1024590 | 1024590 | 0 |
| കെ.എസ്.ഇ.ബി | 48/2018 ഗതാഗത തടസ്സമുണ്ടാക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | | 33978 | 33978 | 0 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്-ഭവന വായ്പ | സ.ഉ.സാധാ. 647/2010 /എൽ.എസ്. ജി.ഡി – തിയതി 25-02-2010 | 10043500 | 2335594 | 1125000 | | 1210594 |

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 9378 രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2016-17 | 3-21 | 9378 | 11705105612/ 9-3-18 | ശ്രീ.കെ.എം. യാസർ അലിഖാൻ ഇലക്ട്രിക്കൽ കോൺട്രാക്ടർ പാലക്കാട് |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| - | - | 2013-14 | 3.3 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യ മേഖലയും (പ്രവർത്തന ക്ഷമതാ ഓഡിറ്റ്) | വിഷയം പരിഗണിച്ചിട്ടില്ല |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54512870 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55721649 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25005 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 17941 | ഉമ.ടി.എൻ<br>അസി.എഞ്ചിനിയർ<br>(രൂപ 14143) |
| | | | രാജീവ്.കെ.എസ്.<br>അസി.എഞ്ചിനിയർ<br>(രൂപ 3798/-) |
| 3-2 | | 7064 | രാജീവ്.കെ.എസ്<br>അസി.എഞ്ചിനിയർ |
| ആകെ | | 25005 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ |
|---|
| ഇല്ല |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജീവ്.കെ.എസ് അസി.എഞ്ചിനിയർ | കോർപ്പറേഷൻ ഓഡിറ്റ് തിരുവനന്തപുരം | ഹൌസ് നം.14-cp6/3526(1) ബ്രിഡ്ജ് ലൈൻ, ഉള്ളൂർ, മെഡിക്കൽ കോളേജ് പി.ഒ തിരുവനന്തപുരം പിൻ-695011 |
| ശ്രീമതി.ഉമ.ടി.എൻ അസി.എഞ്ചിനിയർ | അസി.എക്സി.എഞ്ചിനിയർ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | തെക്കേമഠം, കൊടകര പി.ഒ, തൃശ്ശൂർ -680684 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFP10- 709/01/11.09.01 | - |
| 1998-99 | LFP10- 751/01/03.08.01 | - |
| 1999-2000 | LFP10- 752/01/03.08.01 | - |
| 2000-01 | LFP10- 276/02/04.05.02 | 1 |
| 2001-02 | LFP13- 644/04/09.01.04 | 8 |
| 2002-03 | LFP13- 1162/03/09.01.04 | 1 |
| 2003-04 | LFP12- 1053/07/10.03.08 | 6 |
| 2004-05 | LFP12- 1054/07/02.01.08 | 2 |
| 2005-06 | LFP12- 1055/07/11.03.08 | 7 |
| 2006-07 | LFP18- 790(a)/11/23.11.11 | 3 |
| 2007-08 | LFP18- 790(b)/11/23.11.11 | 3 |
| 2008-09 | LFP18- 790(c)/11/14.11.11 | 2 |
| 2009-10 | LFP18- 642/12/04.07.12 | 8 |
| 2010-11 | LFP18- 929/13/16.07.13 | 1 |
| 2011-12 | LFP18- 54/14/3.02.14 | 1 |
| 2012-13 | LFP18- 288/15/16.05.15 | 7 |
| 2013-14 & 2014-15 | KSA PKD 18-587/16/25.06.16 | 5 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.11-109/2017/ 29-12-2016 | 5 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.18-1324/2017/ 17-08-2017 | 8 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ (സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എലവഞ്ചരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
2. ആസ്തി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 ൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
3. നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ പഞ്ചായത്തിൽ നിന്നുള്ള വരവുകൾ TR-7A ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. തൻവർഷ കുടിശ്ശിക തുകകൾക്ക് Income And Expenditure Accounts ൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
5. ആസ്തികൾക്ക് Income And Expenditure Account ൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2

## പത്രികകൾ

ELAVANCHERI GRAMA PANCHAYAT

RECEIPT & PAYMENT STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 8793640.00 |
| Cash | Cash | RP-40(a) | 75242.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 658210.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 1417006.00 |
| 150000000 | Sale & Hire Charges | RP-5 | 91933.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 38734570.00 |
| 171000000 | Interest Earned | RP-9 | 223260.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9232209.00 |
| 350000000 | Other Liabilities | RP-36 | 173270.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 33003.00 |
| 311000000 | Earmarked Funds | RP-29 | 44280.00 |
| 340000000 | Deposits Received | RP-34 | 183362.00 |
| 350000000 | Other Liabilities | RP-36 | 254862.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2636551.00 |
| 460000000 | Loans, Advances and Deposits | RP-47 | 830354.00 |
| | Grand total | | 63381752.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2887285.00 |
| 220000000 | Administrative Expenses | RP-12 | 1069599.00 |
| 230000000 | Operations & Maintenance | RP-13 | 1758547.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3438826.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | RP-16 | 12622355.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 4122223.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 52246.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 39652.00 |
| 255000000 | Maintenance Projects | RP-20 | 3298721.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 121632.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 8000.00 |
| 280000000 | Prior Period item | RP-26 | 12366.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 431206.00 |
| 350000000 | Other Liabilities | RP-36 | 4413397.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1662.00 |
| 311000000 | Earmarked Funds | RP-29 | 50000.00 |
| 330000000 | Secured Loans | RP-32 | 1125000.00 |
| 340000000 | Deposits Received | RP-34 | 119850.00 |
| 350000000 | Other Liabilities | RP-36 | 1616634.00 |
| 410000000 | Fixed Assets | RP-38 | 6591940.00 |
| 412000000 | Capital work in Progress | RP-40 | 3913842.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7391188.00 |
| 460000000 | Loans, Advances and Deposits | RP-47 | 635478.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 7644274.00 |
| Cash | Cash | RP-40(b) | 15829.00 |
| | Grand Total | | 63381752.00 |

Elavanchery Grama Panchayat

INCOME & EXPENDITURE STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 2693074.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 96036.00 |
| 140000000 | Fee & User Charges | I-4(b) | 1953608.00 |
| 150000000 | Sale & Hire Charges | I-5(b) | 94433.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 82131005.00 |
| | Subsidies | | |
| 171000000 | Interest Earned | I-8 | 223260.00 |
| 180000000 | Other Income | I-9 | 33003.00 |
| | Total Income | | 87224419.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7776012.00 |
| 220000000 | Administrative Expenses | I-11(b) | 1069999.00 |
| 230000000 | Operations & Maintenance | I-12(b) | 1758547.00 |
| 240000000 | Interest & Finance Charges | I-13 | 1662.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 6255623.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 24727525.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4122223.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 52246.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 34731952.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 3298721.00 |
| 256000000 | Other Revenue Grants and Funds – Revenue Expenses | I-15(a) | 121632.00 |
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 8000.00 |

| | | | |
|---|---|---|---|
| | Subsidies | | |
| | Total Expenditure | | 83924142.00 |
| | Gross Surplus/ Deficit of income over Expenditure | | 3300277.00 |
| 280000000 | Prior Period Item | I-18 | 2063201.17 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1237075.83 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |
| Page No : 1 | | | |

| Elavanchery Grama Panchayat | | | |
|---|---|---|---|
| BALANCE SHEET<br>FOR THE PERIOD FROM 01-APRIL -2017 TO 31- MARCH-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 11988209.74 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 8876.00 |
| | Agency Fund | | |
| 312000000 | Reserves | B-3 | 31724690.00 |
| | Total Reserve & Surplus | | 43721775.74 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution<br>for Specific Purposes | B-4 | 8903439.00 |
| | Total Grants, Contributions for<br>Specific Purposes | | 8903439.00 |
| Loans | | | |
| 330000000 | Secured Loans | B-5 | 1210594.00 |
| | Total Loans | | 1210594.00 |

| | | | |
|---|---|---|---|
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 312940.00 |
| 350000000 | Other Liabilities | B-9 | 701074.26 |
| | Total Current Liabilities and Provisions | | 1014014.26 |
| | TOTAL LIABILITIES | | 54849823.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 34532714.00 |
| 412000000 | Capital Work in Progress | B-11(a) | 893328.00 |
| | Total Fixed Assets | | 35426042.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 51815.00 |
| 431000000 | Sundry Debtors (Receivables) | B-15 | 8182444.00 |
| 440000000 | Pre-paid Expenses | B-16 | 1210594.00 |
| 450000000 | Cash and Bank Balance | B-17 | 7660103.00 |
| 460000000 | Loand, Advances and Deposits | B-18 | 2318825.00 |
| | Total Current Assets, Loans and Advances | | 19423781.00 |
| Other Assets | | | |
| Page No : 1 | | | |
| Miscellaneous Expenditure (To the Extent not written off) | | | |
| TOTAL ASSETS | | | 54849823.00 |

ഡെപ്യൂട്ടി ഡയറക്ടർ